**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6569** **20-03-2023 - ൽ മറുപടിയ്ക്ക്**

**തെയ്യം കലാകാരന്മാർക്കായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത തെയ്യം കലാകാരന്മാർ മണിക്കൂറുകളോളം വേഷം കെട്ടിയാടുന്നതിനാൽ അകാലത്തിൽ പലവിധ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം തെയ്യം കലാകാരന്മാരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ? | (ബി) | സാംസ്കാരിക വകുപ്പിന് കീഴിൽ കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള ഫോക് ലോർ അക്കാദമി തെയ്യം ഉൾപ്പെടെയുള്ള നാടൻകലാകാരന്മാരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തെയ്യം കല അഭ്യസിക്കുന്ന കലാകാരന്മാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിലെ ചട്ടങ്ങൾ അനുസരിച്ച് 60 വയസ് മുതൽ പ്രതിമാസം 1600 രൂപ നിരക്കിൽ സാംസ്കാരിക വകുപ്പിൽ നിന്ന് കലാകാരപെൻഷനും അവശകലാകാര ന്മാരുടെ ചികിത്സക്കായി ധനസഹായവും അനുവദിച്ച് വരുന്നുണ്ട്. കേരള ഫോക് ലോർ അക്കാദമി, പുരസ്കാരങ്ങൾ നൽകി തെയ്യം കലാകാരന്മാരെ ആദരിക്കാറുണ്ട്. തെയ്യം കേന്ദ്രീകൃത പ്രസിദ്ധീകരണങ്ങൾ അക്കാദമി പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന തെയ്യം കലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിൽ നിന്ന് 25 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ